പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2835

20.06.2013 -ൽ മറുപടിയ്ക്ക്

സ്കൂൾ തല കൺസ്യൂമർ ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ആർ.സെൽവരാജ് | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾതല കൺസ്യൂമർ ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സ്കൂൾ കൺസ്യൂമർ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് അവാർഡ് നൽകുന്നതിന് ഉദ്ദേശിക്കുന്നു. ക്ലബ്ബുകൾക്കായി ട്രെയിനിംഗ് സാമഗ്രികൾ തയ്യാറാക്കി നൽകുന്നതിനും താലൂക്ക് /ജില്ലാ തലത്തിൽ School Consumer Club ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിനും, സംസ്ഥാനതലത്തിൽ കൺസ്യൂമർ ക്ലബ്ബുകൾക്കായി മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, സ്കൂളുകളിൽ വാർഷിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സ്കൂൾ കൺസ്യൂമർ ക്ലബ്ബുകളിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക, 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തെക്കുറിച്ച് കുട്ടികളെ അറിവുള്ളവരാക്കുക, ഉപഭോക്തൃ ശാക്തീകരണത്തിനായി യുവശക്തി ഉപയോഗപ്പെടുത്തുക വഴി ഉപഭോക്തൃ പ്രസ്ഥാനത്തിന് പുത്തനുണർവ് വരുത്തുക, അടിസ്ഥാന ആവശ്യങ്ങൾ ആയ കുടിവെള്ളം, ശുചിത്വം, പൊതുഗതാഗതം എന്നിവയെക്കുറിച്ചുള്ള പ്രാദേശിക പരാതികൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(സി) കേരളത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ ഉപഭോക്തൃ സംഘടനകളെ സഹകരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ?

(ഡി) ഇവയുടെ നടപ്പാക്കൽ പ്രാരംഭ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ